**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **19-06-2024 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.സി.കെ. മുഖേന നടപ്പാക്കുന്ന കരമന-വെള്ളറട റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതുവരെയായി; ഇതിനായുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (എ) | സംസ്ഥാന റോഡ് വികസന പദ്ധതിയിലെ (SRIP) അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന - വെള്ളറട റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് 15.02.2016 ലെ G.O(Rt) No. 355/2016/PWD ഉത്തരവ് പ്രകാരം 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 5054-04-337-80-NV എന്ന ബഡ്ജറ്റ് ഹെഡിൽ നിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.<br><br>35.50 കി.മീ നീളമുള്ള കരമന-വെള്ളറട റോഡ് തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രാധാന്യം ഉള്ളതും 4 നിയോജക മണ്ഡലങ്ങളിൽ (നേമം, വട്ടിയൂർക്കാവ്, കാട്ടാക്കട, പാറശ്ശാല) കൂടി കടന്നു പോകുന്നതുമാണ്. നിലവിലെ പ്രോജക്ട് അനുസരിച്ച് ജംഗ്ഷൻ ഒഴികെയുള്ള ഭാഗം 7 മീറ്റർ വീതിയിൽ രണ്ടു വരി പാതയും ഇരുവശങ്ങളിലും 1.50 മീറ്റർ വീതം വീതിയിൽ പേവ്ഡ് ഷോൾഡറും, ഇരുവശങ്ങളിലുമായി 1.75 മീറ്റർ വീതിയിൽ എർതേൺ ഷോൾഡറും ഓടയും ഉൾപ്പെടെ 13.50 മീറ്റർ വീതിയും (ROW) ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>04.07.2016 ൽ റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാരെ [എൽ.എ(എൻ.എച്ച്) പി.എം.ജി, തിരുവനന്തപുരം] ചുമതലപ്പെടുത്തികൊണ്ട് ജില്ലാ കളക്ടർ, തിരുവനന്തപുരം ഉത്തരവിറക്കിയിട്ടുള്ളതാണ്. 6(1) നോട്ടിഫിക്കേഷൻ എൽ.എ (2) 545/2016 തീയതി: 16.03.2017 എന്ന നമ്പരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി 15.05.2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാർ അനുവദിച്ച 7.507 കോടിയിൽ നിന്നും 1.0724 കോടി രൂപ 30.01.2019 ന് കണ്ടിൻജൻസി ചാർജ്ജായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കരമന - വെള്ളറട റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ മൂന്ന് റീച്ചായിട്ടാണ് നടന്നു വരുന്നത്.<br><br>**<u>റീച്ച്-1- 0/000-5/500(കരമന മുതൽ കുണ്ടമൺകടവ് പാലം വരെ)</u>**<br><br>30.12.2020 ൽ പ്രസ്തുത റീച്ചിന്റെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തുടർന്ന് സംയുക്ത സ്ഥലപരിശോധന റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയിട്ടുണ്ട്. ഈ റീച്ചിന്റെ സ്ട്രക്ചറൽ വാല്യുവേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കരമന മുതൽ കുണ്ടമൺ കടവ് വരെയുള്ള റോഡ് വികസനത്തിനു വേണ്ടി ഭൂമി പൊന്നുംവിലക്ക് എടുക്കുന്നതിന് ഏകദേശം 120 കോടി രൂപ ചെലവ് വരും. അത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>**<u>റീച്ച്-II-5/500-20/000 (കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ)</u>**<br><br>30.12.2019 ൽ പ്രസ്തുത റീച്ചിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതി ശുപാർശ, സാമൂഹിക ആഘാത പഠന റിപ്പോർട്ട്, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടുണ്ട്.<br><br>**<u>റീച്ച്-III-20/000-300/500 (ഞാറവിള മുതൽ വെള്ളറട വരെ)</u>**<br><br>04.05.2020 ൽ പ്രസ്തുത റീച്ചിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതി ശുപാർശ, സാമൂഹിക ആഘാത പഠന റിപ്പോർട്ട്, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ